നിരക്കിൽ നൽകി വന്നിരുന്ന പുനരുദ്ധിരാസ വായ്പ കാലാവധി ഈ സാമ്പത്തിക വർഷാവസാനം വരെ ദീർഘിപ്പിച്ചു. ഊർജ്ജ സംരക്ഷണ പദ്ധതികൾക്കായി 5% നിരക്കിൽ വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചു. വനിതാ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സാധാരണ നിരക്കിൽ നിന്നും 1% വരെ കുറഞ്ഞ നിരക്കിൽ വായ്പ നൽകാൻ പദ്ധതിയുണ്ട്. ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങളിലേർപ്പെട്ടിരിക്കുന്ന സംരംഭകർക്ക് ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി നൽകാനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. ജില്ലാ, മേഖലാ തല ഓഫീസുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുക വഴി ഇടപാടുകാർക്കുള്ള സേവനം സത്വരമാക്കി. പുതുതലമുറകളോടും മറ്റു ധനകാര്യ സ്ഥാപനങ്ങളോടും കിടപിടിക്കത്തക്കവണ്ണം പൂർണ്ണമായ കമ്പ്യൂട്ടർ വൽക്കരണത്തിനുവേണ്ടി കോർ ഫിനാൻഷ്യൽ സൊല്യൂഷൻ പാക്കേജിന് ടി.സി.എസ്.-ന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണ്. കെ.എഫ്.സി. യുടെ എല്ലാ പ്രവർത്തന മേഖലകളിലും പ്രോഫഷണലിസം നടപ്പിലാക്കിയിട്ടുണ്ട്. ജില്ലകൾ തോറും വ്യവസായ സംരംഭകരുടെ മീറ്റിംഗുകൾ വിളിച്ചു കൂട്ടുകയും അവരുടെ ആവശ്യങ്ങൾ നേരിട്ട് കെ.എഫ്.സി. ഉദ്യോഗസ്ഥർ കേൾക്കുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുന്നുണ്ട്. 2010-11 സാമ്പത്തിക വർഷത്തിൽ മൂലധന നിക്ഷേപമായി 791 ലക്ഷം രൂപ സർക്കാരിൽ നിന്നും അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നുള്ള 75 കോടി രൂപയുടെ വായ്പയ്ക്കും നബാർഡ് ബാങ്കിൽ നിന്നുള്ള 100 കോടി രൂപ വായ്പയ്ക്കും സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി. നൽകുകയുണ്ടായി. അതോടൊപ്പം കെ.എഫ്.സി. യുടെ 200 കോടി രൂപയുടെ നിർദ്ദിഷ്ട കടപ്പത്രത്തിനും ഹഡ്കോയിൽ നിന്നും വാങ്ങാനുദ്ദേശിക്കുന്ന 200 കോടി രൂപയുടെ വായ്പയ്ക്കും സർക്കാർ ഗ്യാരണ്ടി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്.

(ബി) ഇത്തരം ഒരു പാക്കേജ് കെ.എഫ്.സി. യിൽ നടപ്പിലാക്കിയിട്ടില്ല.

(സി) ചെറുകിട-ഇടത്തരം വ്യവസായികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 30,99,112 രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം 615.92 കോടി രൂപയുടെ വായ്പ അനുവദിച്ചിരുന്നു. ഈ സാമ്പത്തിക വർഷം 30-11-2010 വരെ 152.57 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സംഭരിക്കുന്ന നെല്ല് കുത്തരിയാക്കി റേഷൻ ചില്ലറ വിൽപ്പന വ്യാപാരികൾ വഴി വിതരണം നടത്തുന്ന പദ്ധതി

9 (*160) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. മുരളി :
ശ്രീ പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിന്നും സംഭരിക്കുന്ന നെല്ല് കുത്തരിയാക്കി റേഷൻ ചില്ലറ വിൽപ്പന വ്യാപാരികൾ വഴി വിതരണം നടത്തുന്ന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി എന്ന നിലയിൽ സപ്ലൈകോ നടത്തുന്ന പ്രവർത്തനങ്ങളിലെ പോരായ്മകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) നടപ്പുവർഷം ഇതുവരെ ഏതൊക്കെ ജില്ലകളിൽ നിന്നും എത്ര മെട്രിക് ടൺ വീതം നെല്ല് സംഭരിക്കാനാണ് സപ്ലൈകോ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ സപ്ലൈകോയ്ക്ക് കഴിയാത്ത സാഹചര്യത്തിൽ ഈ രംഗത്ത് സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) അടുത്ത വിളവെടുപ്പ് സീസണിൽ സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിൽ നിന്നും എത്ര മെട്രിക് ടൺ നെല്ല് സംഭരിക്കാനും അരിയാക്കി പൊതുവിതരണത്തിനായി നൽകാനും കഴിയുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) സംസ്ഥാനത്തുനിന്നും സംഭരിക്കുന്ന നെല്ല് കുത്തരിയാക്കി എഫ്.സി.ഐ. നിബന്ധന പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ വഴി വിതരണം നടത്തുന്ന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) സംഭരിക്കുന്ന നെല്ല് കുത്തരിയാക്കി ഗുണമേന്മ പരിശോധന നടത്തി പാസ്സാക്കുന്നതുവരെയുള്ള ജോലികളാണ് നോഡൽ ഏജൻസി എന്ന നിലയിൽ സപ്ലൈകോയ്ക്ക് നിർവ്വഹിക്കാനുള്ളത്. ഈ പ്രവർത്തനം പരാതിക്കിടയില്ലാത്ത വിധം സപ്ലൈകോ നടപ്പിലാക്കിവരുന്നുണ്ട്.

(സി) നടപ്പുവർഷം 2010-11 ഒന്നാം സീസണിൽ ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ നിന്നായി 1,25,000 മെട്രിക് ടൺ നെല്ല് സംഭരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

2010-11 ഒന്നാം സീസൺ

ജില്ല	ലക്ഷ്യം	20-12-2010 വരെ സംഭരിച്ചത്
ആലപ്പുഴ	37500 മെ.ടൺ	34584 മെ.ടൺ
എറണാകുളം	100 മെ.ടൺ	-
കോട്ടയം	20000 മെ.ടൺ	20406 മെ.ടൺ
പാലക്കാട്	67000 മെ.ടൺ	40675 മെ.ടൺ
തൃശ്ശൂർ	400 മെ.ടൺ	260 മെ.ടൺ
ആകെ	125000 മെ.ടൺ	95925 മെ.ടൺ

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നടപ്പുസാമ്പത്തിക വർഷം തുടർച്ചയായുണ്ടായ മഴമൂലം വിളവെടുപ്പിൽ കാര്യമായ കുറവുണ്ടായിട്ടുണ്ട്. കൂടാതെ നെല്ല് സംഭരണത്തിൽ വന്ന കുറവ് പ്രധാനമായും സൂചിപ്പിക്കുന്നത് ഓപ്പൺ മാർക്കറ്റിൽ നെല്ലിന് ന്യായമായ വില ലഭിക്കുന്നുണ്ട് എന്നുള്ളതാണ്. നെല്ല് സംഭരണത്തിന്റെ പ്രഥമോദ്ദേശ്യ ലക്ഷ്യം തന്നെ കർഷകർക്ക് നെല്ലിന് ന്യായമായ വില ലഭ്യമാക്കുക എന്നുള്ളതായതുകൊണ്ട് സംഭരണത്തിലെ കുറവ് പോരായ്മയായി കണക്കാക്കേണ്ടതില്ല.

(ഇ) അടുത്ത വിളവെടുപ്പ് സീസണായ 2010-11 രണ്ടാം സീസണിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും 3,00,000 മെട്രിക് ടൺ നെല്ല് സംഭരിക്കാനും അരിയാക്കി പൊതുവിതരണത്തിന് നൽകുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

2010-11 രണ്ടാം സീസൺ

ജില്ല	ലക്ഷ്യം
ആലപ്പുഴ	125000 മെ.ടൺ
എറണാകുളം	500 മെ.ടൺ
കോട്ടയം	35500 മെ.ടൺ
പാലക്കാട്	90000 മെ.ടൺ
മലപ്പുറം	4000 മെ.ടൺ
പത്തനംതിട്ട	5000 മെ.ടൺ
തൃശ്ശൂർ	50000 മെ.ടൺ
ആകെ	300000 മെ.ടൺ

മാന്ദ്യവിരുദ്ധ പാക്കേജ്

10(*161) ശ്രീ. പി. ജയരാജൻ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പ് വിവിധ വകുപ്പുകൾക്ക് എന്തു തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകൾ നടത്തിയ പ്രവർത്തനം ധനകാര്യവകുപ്പ് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly